**ദേശീയ ദിനാഘോഷത്തിൽ (മാർച്ച് 12, 2025) പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ അവാർഡ് ഏറ്റുവാങ്ങുന്നു**

മാർച്ച് 12, 2025

മൗറീഷ്യസ് റിപ്പബ്ലിക്കിന്റെ 57-ാമത് ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പങ്കെടുത്തു.

2. ആഘോഷങ്ങളുടെ ഭാഗമായി, മൗറീഷ്യസ് റിപ്പബ്ലിക് പ്രസിഡന്റ് ശ്രീ. ധരംബീർ ഗോഖൂൾ, മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ (G.C.S.K) പുരസ്കാരം പ്രധാനമന്ത്രി മോദിക്ക് സമ്മാനിച്ചു.  ഒരു ഇന്ത്യൻ നേതാവിന് ഈ ബഹുമതി ലഭിക്കുന്നത് ഇതാദ്യമായാണ്.

3. ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള പ്രത്യേക സൗഹൃദത്തിനും ഇന്ത്യയിലെ 1.4 ബില്യൺ ജനങ്ങൾക്കും മൗറീഷ്യസിലെ അവരുടെ 1.3 ദശലക്ഷം സഹോദരങ്ങൾക്കുമായി പ്രധാനമന്ത്രി മോദി ഈ അവാർഡ് സമർപ്പിച്ചു.

4. ദേശീയദിന ആഘോഷങ്ങളിൽ, ഇന്ത്യൻ നാവികസേനയുടെ ഒരു സംഘം പരേഡിൽ പങ്കെടുത്തു. ദേശീയദിന ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ നാവികസേനയുടെ ഒരു കപ്പലും മൗറീഷ്യസ് തുറമുഖത്ത് എത്തിയിരുന്നു.

പോർട്ട് ലൂയിസ്

മാർച്ച് 12, 2025